**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1678 — 10.02.2020 ൽ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിസിവ് സാംങ്ഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എ.എൻ. ഷംസീർ** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടൂറിസം വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും നിർമ്മാണവും മറ്റും നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് 2019 മാർച്ച് മുതൽ 2020 ജനുവരി വരെ എത്ര പ്രവൃത്തികൾക്ക് പെർമിസിവ് സാംങ്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | 3 പ്രവൃത്തികൾക്ക് പെർമിസിവ് സാംങ്ഷൻ അനുവദിച്ചിട്ടുണ്ട്. |
| ബി | ഏതൊക്കെ പ്രവൃത്തികൾക്കാണ് പെർമിസിവ് സാംങ്ഷൻ അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കാമോ? | 1. കൊച്ചി മെട്രോ റെയിൽ ലിമിറ്റിഡ്<br>2. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡവലപ്പ്മെന്റ് സെന്റർ<br>3. ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മാണം<br>ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

e- RC4/167/2019/LSGD.

**കേരള സർക്കാർ**

**സംഗ്രഹം**

വാട്ടർ മെട്രോ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ഭൂമിയുടെ ഉപയോഗം - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പെർമിസീവ് സാങ്ഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 744/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 28. 03 .2019

പരാമർശം :- 1. 13.06.2016 തീയതിയിലെ സ.ഉ. (കൈ) നം. 44/2016/ഗതാഗതം.

2. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29.12.2018 ൽ ചേർന്ന യോഗ തീരുമാനം.

3. കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 28.02.2019 ലെ KMRL/ WM/ Corres Stakeholder/F-33/54-19 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സർക്കാർ കൊച്ചിയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വാട്ടർ മെട്രോ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റേയും നടത്തിപ്പിന്റേയും ചുമതല പരാമർശം (1) ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനാണ് (കെ.എം.ആർ.എൽ.) ഏൽപ്പിച്ചു നൽകിയിട്ടുള്ളത് . ടി പദ്ധതിയുടെ ഭാഗമായി, നിലവിലുള്ള ബോട്ട് ജെട്ടികൾ വികസിപ്പിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ആവശ്യമായി വരുന്ന സ്ഥലങ്ങൾ കെ.എം.ആർ.എൽ. കണ്ടെത്തുകയുണ്ടായി. ആയതിൽ ഉൾപ്പെട്ടു വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങൾ ടി പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി ലഭ്യമാക്കിയ ശേഷം പെർമിസീവ് സാങ്ഷൻ നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

2. വാട്ടർ മെട്രോ പദ്ധതിയ്ക്കാവശ്യമായി വരുന്ന, എറണാകുളം ജില്ലയിലെ കമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വസ്തുക്കൾ, അതാത് സ്ഥലങ്ങളിലെ ജെട്ടികളുടേയും അനുബന്ധപ്രവർത്തികളുടേയും നിർമ്മാണത്തിനായി, ടി വസ്തുക്കളിൽ നിലവിലുള്ള നിർമ്മാണങ്ങളോടും ചമയങ്ങളോടും കൂടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് വിട്ടുനൽകുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾ തീരുമാനമെടുത്തിട്ടുള്ളതായി പരാമർശം (3) പ്രകാരം കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

| ക്രമ നം. | പഞ്ചായത്ത് | ജെട്ടി | സർവ്വെ നം. | വിസ്തീർണ്ണം (സെൻറ്) |
|---|---|---|---|---|
| 1 | കമ്പളം | കമ്പളം | 1/1 | 27.1 |
| 2 | കടമക്കുടി | കടമക്കുടി | 124 pt. | 5.65 |
| 3 | | കോതാട് | 410pt., 426/1pt. | 12.15 |
| 4 | | പാലിയംതുരുത്ത് | 227pt. | 9.6 |

| | | | | |
|---|---|---|---|---|
| 5 | മുളവുകാട് | പൊന്നാരിമംഗലം | 254/8 | 4 |
| 6 | | മുളവുകാട് നോർത്ത് | 93/2 | 13.96 |
| 7 | | ബോൾഗാട്ടി | 304/1 | 15.8 |
| 8 | ചേരനല്ലൂർ | സൗത്ത് ചിറ്റൂർ | 243/4 | 102.7 |
| 9 | | ചേരനല്ലൂർ | 1/1 | 33.2 |

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കുമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള, മേൽ പട്ടിക പ്രകാരമുള്ള വസ്തുക്കളുടെ ഉടമസ്ഥാവകാശം അതാത് ഗ്രാമ പഞ്ചായത്തുകളിൽ നിലനിർത്തിക്കൊണ്ട്, വാട്ടർ മെട്രോ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പെർമിസീവ് സാങ്ഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മുഹമ്മദ് റിയാസ്**
ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റയിൽ ലിമിറ്റഡ്, 8-ാം നില, റവന്യൂ ടവർ, പാർക്ക് അവന്യൂ, കൊച്ചി.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കുമ്പളം ഗ്രാമ പഞ്ചായത്ത്.
സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത്.
സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്.
സെക്രട്ടറി, മുളവുകാട് ഗ്രാമ പഞ്ചായത്ത്.
ജില്ലാ കളക്ടർ, എറണാകുളം.
ഗതാഗത (സി) വകുപ്പ് ( Trans-C2/112/2017- Trans നമ്പർ ഫയൽ, 23.01.2019 ലെ Trans-C2/90/2018 നമ്പർ കത്ത് എന്നിവ പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് വേണ്ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ .തന്നെ നിലനിർത്തികൊണ്ട് കെട്ടിടം നിർമ്മിക്കാൻ എംപ്ലോയ്മെന്റ് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 19.08.2019.

പരാമർശം :- 1) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/11/2017 - ലെ 14-ാം നമ്പർ, 06/03/2019 - ലെ 1(3)-ാം നമ്പർ തീരുമാനങ്ങൾ.

2) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/11/2017 -ലെ എ 4- 6769/17 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 02.07.2018, 05.4.2019 തീയതികളിലെ സി2-799/18 നമ്പർ കത്തുകൾ.

4) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2019-ലെ എ 4-3519/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽ സർവ്വെ നം.270/14 ൽപ്പെട്ട 0.0334 ഹെക്ടർ സ്ഥലത്ത് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി കൊണ്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

2) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ബി.ടി.ആർ പ്രകാരം പുറമ്പോക്ക് കുളമാണെന്നും വില്ലേജിലെ പുറമ്പോക്ക് രജിസ്റ്ററിൽ ടി സ്ഥലം പഞ്ചായത്ത് വകയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. സർവ്വെ നം.270/14 - ൽ 14 സെന്റ് സ്ഥലം പഞ്ചായത്തിനുള്ളതിൽ പഞ്ചായത്ത് വക ഒരു കെട്ടിടം, മൂന്ന് കടമുറി, ഹോമിയോ ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴിച്ചുള്ള ബാക്കി 0.0334 ഹെക്ടർ സ്ഥലത്താണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. ടി ഭൂമി എംപ്ലോയ്മെന്റ് കരിയർ ഗൈഡൻസ് സെന്റർ നിർമ്മാണത്തിന് നിയമപരമായി അനുയോജ്യമാണ് എന്ന് പരാമർശം (4) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽ സർവ്വെ നം. 270/14 ൽപ്പെട്ട 0.0334 ഹെക്ടർ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കാതെ സ്വന്തം പണം മുടക്കി നാഷണൽ എംപ്ലോയ്മെന്റ് കരിയർ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് വകുപ്പ് / റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ ഭൂമിയിൽ ജുഡീഷൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1821/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 24.08.2019.

പരാമർശം :- 1) തൊടുപുഴ ജില്ലാ ജഡ്ജിയുടെ 05/02/2013-ലെ D No.905/13 നമ്പർ കത്ത്

2) ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 04/03/2013 -ലെ 11-ാം നമ്പർ, 11/06/2019 -ലെ 13(1) നമ്പർ തീരുമാനങ്ങൾ.

3) ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22/05/2013 -ലെ T272/97/IDA നമ്പർ കത്ത്.

4) കേരള ഹൈക്കോടതി രജിസ്ട്രാറുടെ 20/06/2017 -ലെ D9(A) 55763/ 2011/D9A(2) നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 03.05.2018-ലെ സി2-2116/18 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ ആസ്ഥാനത്ത് ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഇടുക്കി വില്ലേജിലെ സർവ്വെ നം.161/1 ൽപ്പെട്ട 322.974 ഹെക്ടർ ഭൂമിയിൽപ്പെട്ട 2 ഏക്കർ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ നില നിർത്തിക്കൊണ്ടു തന്നെ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ഉപയോഗാനുമതി നൽകുന്നതിന് ജില്ലാപഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും അനുമതിയ്ക്കായി പരാമർശം (3) പ്രകാരം ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി വില്ലേജിലെ സർവ്വെ നം.161/1 ൽപ്പെട്ട 322.974 ഹെക്ടർ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലത്ത് ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ നില നിർത്തിക്കൊണ്ട് ജുഡീഷൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുവാൻ ഇടുക്കി ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്. തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. RC1/259/2017/LSGD).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ